പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6561 12.07.2012 ൽ മറുപടിയ്ക്ക്

മലപ്പുറം ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ ഏതെങ്കിലും ചെറുകിട വൈദ്യുതി പദ്ധതിക്ക് സ്ഥലം കണ്ടെത്താനായിട്ടുണ്ടോ; | (എ) മലപ്പുറം ജില്ലയിൽ പ്രതിവർഷം 9.01 ദശലക്ഷം യൂണിറ്റ് ഉൽപ്പാദനശേഷിയുള്ള ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (3.50 MW) നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br>ഇതു കൂടാതെ വാലൻതോട് ചെറുകിട ജലവൈദ്യുതി പദ്ധതി (5.25 MW, 10.85 ദശലക്ഷം യൂണിറ്റ് പ്രതിവർഷം)യുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനു പുറമേ ചോകാട്ടുപുഴ ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക സാദ്ധ്യതാ പഠനം നടന്നു വരികയാണ്.<br>ഇപ്പോൾ വിശദ പഠനം നടക്കുന്ന കക്കാടംപൊയിൽ-1 ചെറുകിട ജലവൈദ്യുത പദ്ധതി പ്രദേശം മലപ്പുറം-കോഴിക്കോട് ജില്ലകളിൽപ്പെടുന്നു. |
| (ബി) വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ജില്ലയിലെ ജല സ്രോതസ്സുകളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; | (ബി) വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ജില്ലയിലെ ചാലിയാർ ബേസിൻ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളെക്കുറിച്ചും പഠനം നടത്തി വരുന്നു. |

(...2)

| | | | |
|---|---|---|---|
| (സി) | കാറ്റിന്റെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കാനാവുന്ന ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) | കാറ്റിന്റെ സഹായത്തോടെ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന സ്ഥലങ്ങൾ മലപ്പുറം ജില്ലയിൽ കണ്ടെത്തിയിട്ടില്ല. വിശദമായ പഠനത്തിനു ശേഷം മാത്രമേ ഇത്തരം പദ്ധതിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താൻ സാധിക്കുകയുള്ളൂ. |
| (ഡി) | ജില്ലയിലെ കിഴക്കൻ മലനിരകളിൽ ചെറുകിട വൈദ്യുത പദ്ധതികൾ കൂടുതൽ സാധ്യത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിലും ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. മലപ്പുറം ജില്ലയിലെ കിഴക്കൻ മലനിരകളിൽപ്പെട്ട ചെറുകിട ജല വൈദ്യുത പദ്ധതികളുടെ സാദ്ധ്യതാ പഠനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ